No. of Printed Pages : 4 **BMYLA-135**

# B.A General (BAG)

# Term-End Examination

# December, 2025

## BMYLA-135: Modern Indian Language : Malayalam

*Duration : 3 Hours* *Maximum Marks: 100*

പ്രിൻറ് ചെയ്ത പേജുകളുടെ എണ്ണം: 4 **BMYLA-135**

# ബി. എ. ജനറല്. (BAG)

# ടേം-അവസാന പരീക്ഷ

# ഡിസംബർ - 2025

## BMYLA-135: മോഡേണ് ഇന്ത്യന് ലാംഗ്വേജ്: മലയാളം.

*സമയം: 3 മണിക്കൂർ* പരമാവധി മാർക്ക്: *100*

---

സൂചനകൾ:

1. എല്ലാ ചോദ്യങ്ങൾക്കും നിർദ്ദേശാനുസരണം ഉത്തരമെഴുതുക.
2. വ്യക്തതയും വാക്കുകളുടെ പരിധിയും പാലിക്കുക

---



Downloaded from www.IGNOUBABA.com

I. താഴെ ക്കൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 10x2=20

1. മലയാള ഭാഷയുടെ ഉല്പത്തിയുമായി ബന്ധപ്പെട്ട ഉപശാഖാ വാദത്തിന്റെ പ്രമുഖ വക്താക്കൾ ആരെല്ലാമാണ്?

2. മണിപ്രവാളം പ്രസ്ഥാനത്തിൽ ഉൾപ്പെടുന്ന പ്രധാന കൃതികൾ ഏവ?

3. 'തിരുനിഴൽമാല'യിലെ ഉള്ളടക്കം എന്താണ്?

4. ഇരയിമ്മൻ തമ്പി രചിച്ച ആട്ടക്കഥകൾ ഏതെല്ലാം?

5. കെ.പി. കറുപ്പന്റെ 'ബാലാകലേശം' നാടകത്തിന്റെ ചരിത്രപരമായ പ്രാധാന്യമെന്ത്?

6. സ്ത്രീവാദ (Feminism) ത്തിന്റെ വ്യത്യസ്ത ധാരകൾ ഏവ?

7. പുലിക്കളി, ഉണ്ടായിരുന്നു - ഈ വാക്കുകൾ പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.

8. സീക്വൻസ് (Sequence) എന്നാൽ എന്ത്?

9. "മാറ്റൊലിക്കൊണ്ടീ മൊഴി തന്നെ സർവദാ കാറ്റിരമ്പുന്നിന്നു കേരളത്തിൽ"

   - ഏത് മൊഴി?

10. ചതുർവിധാഭിനയങ്ങൾ ഏതെല്ലാം?

II. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും നാലു ചോദ്യത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4x5=20

11. പാട്ടിന്റെ ലക്ഷണമെഴുതി വിശദീകരിക്കുക.



Downloaded from www.IGNOUBABA.com

12. ചമ്പു എന്നാൽ എന്ത്? മലയാളത്തിലെ ചമ്പൂ പ്രസ്ഥാനത്തെക്കുറിച്ച് ലഘുവിവരണം നൽകുക.
13. കുട്ടികൃഷ്ണമാരാരുടെ സാഹിത്യ നിരൂപണത്തിന്റെ മുഖമുദ്രകൾ എന്തെല്ലാമാണ്?
14. "വാചകത്തെ വീണ്ടും മൂന്നായി തിരിക്കാം"- അവ ഏതെല്ലാം?- സോദാഹരണം വിവരിക്കുക?
15. ആശയ വിപുലനം ചെയ്യുക: പരോപകാരാർത്ഥമിദം ശരീരം
16. പദാനുപദ വിവർത്തനം എന്നാൽ എന്ത്?
17. "നളനു വേറെ കർമ്മം നമുക്കു കർമ്മം വേറെ"- ആര് ആരോട് പറഞ്ഞതാണിത്? സന്ദർഭമേത്?

III. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും നാലു ചോദ്യത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4x8=32

18. അനുനാസികാതിപ്രസരം, താലവ്യാദേശം ഇവ എന്തെന്ന് സോദാഹരണം വ്യക്തമാക്കുക.
19. ഇംഗ്ലീഷ് വിദ്യാഭ്യാസം മലയാള ഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ സംഭാവനകൾ എന്തെല്ലാമാണ്?
20. വെണ്മണി പ്രസ്ഥാനം - വിവരണക്കുറിപ്പ് തയ്യാറാക്കുക.
21. സമാസം എന്നാൽ എന്ത്? എത്ര വിധം? സോദാഹരണം വിശദീകരിക്കുക.
22. അനുഷ്ഠാന കലാരൂപമെന്ന നിലയിൽ മുടിയേറ്റിനെ പരിചയപ്പെടുത്തുക



Downloaded from www.IGNOUBABA.com

23. "കൊല്ലാതെ കൊല്ലാഞ്ഞതെന്തവൻ തന്നെ
നീ കൊല്ലിക്കയത്രേ നിനക്കു രസമെടോ"-
വക്താവ്, സന്ദർഭം, ആശയം ഇവ
വിശദമാക്കുക.

IV. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉപന്യാസം തയ്യാറാക്കുക. 2x10=20

24. എഴുത്തച്ഛന്റെ കാവ്യ ഭാഷയുടെ സവിശേഷതകൾ എന്തെല്ലാമെന്ന് വിശദമാക്കുക.

25. വടക്കൻ പാട്ടുകളിൽ നിന്ന് എന്തെല്ലാം മാറ്റങ്ങളാണ് 'ഒരു വടക്കൻ വീരഗാഥ'യുടെ രചനയിൽ എം.ടി. വാസുദേവൻ നായർ വരുത്തിയത്? അവ എത്രത്തോളം സ്വീകാര്യമാണെന്ന് വിലയിരുത്തുക.

26. 'ഇന്ദുലേഖ'യിലെ സൂരിനമ്പൂതിരിപ്പാടിന്റെ സ്വഭാവം നിരൂപണം ചെയ്യുക

27. 'ഒരു പാട്ട് പിന്നെയും' എന്ന കവിതയിലൂടെ സുഗതകുമാരി ആവിഷ്ക്കരിക്കുന്ന പാരിസ്ഥിതിക പ്രശ്നം എന്തെന്ന് ചർച്ച ചെയ്യുക.

V. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക മലയാളത്തിലേക്ക് തർജ്ജമ ചെയ്യുക. 1x8=8



Downloaded from www.IGNOUBABA.com